പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - **693** **14. 07. 2014** - ലെ മറുപടി

വിവിധ രാജ്യങ്ങളിലുള്ള മലയാളികളുടെ വിവരശേഖരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. ഇ. കെ. വിജയൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) വിവിധ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ പൂർണ്ണമായ വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ വിവരശേഖരണം നടത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; | (എ) 2013 - ലെ ദേശീയ സാമ്പത്തിക സെൻസസിനൊടനുബന്ധിച്ച് വിവിധ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ ഒരു വിവരശേഖരണം സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പുമായി ചേർന്ന് നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) കൃത്യമായ വിവരങ്ങൾ ഇല്ലാത്തതിനാൽ അത്യാവശ്യ സന്ദർഭങ്ങളിൽ കർമ്മ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ബി) വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസി മലയാളികളുടെ കൃത്യമായ സ്ഥിതി വിവര കണക്ക് ഇല്ലാത്തതിനാൽ തിരികെയെത്തുന്ന പ്രവാസി മലയാളികളുടെ പുനരധിവാസംപോലുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് ആറാമത് ദേശീയ സാമ്പത്തിക സെൻസസിനോടൊപ്പം വിദേശരാജ്യങ്ങളിലെ പ്രവാസി മലയാളികളെ സംബന്ധിച്ച വിവര ശേഖരണം എന്യൂമറേറ്റർമാരെ നിയോഗിച്ച് ബ്ലോക്ക്/വാർഡ് തിരിച്ച് സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് നടത്തുകയുണ്ടായത്. പഞ്ചായത്ത് / മുൻസിപ്പൽ / കോർപ്പറേഷൻ എന്നിവ തരംതിരിച്ച് സൂപ്പർവൈസറുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് വിവരം ശേഖരിച്ചത്. ഇതോടൊപ്പം വിദേശ രാജ്യങ്ങളിലുള്ളവർക്കായി ഓൺലൈൻ വിവരശേഖരണവും നടത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ